വിലക്കിഴിവും ലഭിക്കുന്നു. മരണനവീകരണ പദ്ധതിയുടെ ഭാഗമായി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുമാറ് താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

റോഡ് സുരക്ഷാസമിതിയുടെ റിപ്പോർട്ടിന്മേൽ നടപടി

4 [*43] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് റോഡ് സുരക്ഷാസമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) അപകട മേഖലകളെപ്പറ്റി സർവ്വെ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി & സി) ഉണ്ട്.

ദേശീയപാതയിൽ അപകട മേഖലകളെക്കുറിച്ച് പഠനം നടത്തി അപകട മേഖലകളെ കണ്ടെത്തി വിശദമായ റിപ്പോർട്ട് റോഡ് സുരക്ഷാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്).† ഇതുപ്രകാരം അപകട പ്രതിരോധ നടപടികൾ രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ എൻ. എച്ച്. 47-ലും രണ്ടാം ഘട്ടത്തിൽ ഇതിൽ ഉൾപ്പെടാത്ത മറ്റു സ്ഥലങ്ങളിലും പഠനം നടത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. അതുപ്രകാരം നാഷണൽ ഹൈവേ 47-ൽ 74 അപകട സ്ഥലങ്ങളും നാഷണൽ ഹൈവേ 17-ൽ 42-ഉം കണക്കിലെടുത്ത് പ്രതിരോധ നടപടികൾക്കായി 162 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ആഫീസ് മുഖേന (കെ.എസ്.റ്റി.പി.) ഒന്നാംഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി വിഭാവനം ചെയ്ത പണികൾ പുരോഗമിച്ചുവരുന്നു. നാഷണൽ ഹൈവേ 47-ൽ തിരുവനന്തപുരം മുതൽ കൊല്ലം വരെ മോഡൽ റോഡായി സംരക്ഷിത പണികൾ പുരോഗമിച്ചുവരുന്നു. മറ്റ് പൊതുമരാമത്ത് റോഡിലെ അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങളിലെ പ്രതിരോധ നടപടികൾക്കുള്ള വിശദവിവരങ്ങൾ തയ്യാറാക്കാൻ അപകട സ്ഥലങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രകാരം പണികൾ ചെയ്യുവാനുള്ള പദ്ധതികൾ ശ്രുതഗതിയിൽ നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly